സുരക്ഷാ പണികളും പൂർത്തിയാക്കിയിട്ടുണ്ട്. കെ.എസ്.ടി.പി. രണ്ടാം പദ്ധതിയിലുൾപ്പെടുത്തി ഏകദേശം 90 കോടി രൂപാ ചെലവിൽ തൈക്കോട്-അടൂർ റോഡിനെ ഒരു മോഡൽ സേഫ് കോറിഡോറാക്കി മാറ്റുന്നതിനുള്ള പദ്ധതിക്ക് രൂപം നൽകിവരികയാണ്. അതിന്റെ നടപടികളുമായി മുന്നോട്ടുപോകുകയാണ്. ബഹുമാനപ്പെട്ട അംഗം പറഞ്ഞ ബൈപ്പാസിനെ സംബന്ധിച്ച് ഈ ഡിപ്പാർട്ടുമെന്റിന്റെ പരിഗണനയിലില്ല. മുഖ്യമന്ത്രിക്കും അതുപോലെ എനിക്കും തന്ന മൊമ്മോറാണ്ടത്തിന്റെ ഫലമായി ഒരു ഇൻവെസ്റ്റിഗേഷൻ നടത്തി ഫണ്ടിന്റെ അവയിലബിലിറ്റി അനുസരിച്ച് അതിന്റെ നടപടികളുമായി മുന്നോട്ടുപോകണമെന്നാണ് ഉദ്ദേശിക്കുന്നത്. ഭൂമി ഫ്രീയായി വിട്ടുതരുമെങ്കിൽ തീർച്ചയായും ഈ പദ്ധതി ഏറ്റെടുക്കാൻ ഗവൺമെന്റ് തയ്യാറാണ്.

17. ചക്കുവള്ളി-മാലുമേൽ ശാസ്താംകോട്ട റോഡ് നിർമ്മാണം

ശ്രീ. കോവൂർ കുഞ്ഞുമോൻ: സർ, 2009-10 വർഷത്തെ ബഡ്ജറ്റിൽ ഏകദേശം രണ്ടുകോടിയിലധികം രൂപ ഉൾപ്പെടുത്തി 26-6-2010-ൽ പണി ആരംഭിച്ചിട്ടുള്ള ചക്കുവള്ളി-മാലുമേൽ ശാസ്താംകോട്ട റോഡിന്റെ നിർമ്മാണപ്രവർത്തനം നാലുവർഷമായിട്ടും പൂർത്തീകരിക്കാൻ കഴിഞ്ഞിട്ടില്ല. കരാറുകാരന്റെ നിഷേധ നിലപാടുകളാണ് ഇതിന് പ്രധാനപ്പെട്ട കാരണം. അങ്ങ് കൊല്ലം ജില്ലയിലെ എം.എൽ.എ.-മാരെ വിളിച്ചുചേർത്ത് നടത്തിയ യോഗത്തിലും ഞാൻ ഇക്കാര്യം സൂചിപ്പിച്ചിരുന്നു. ഇതുവരെ അതിന്റെ പണി പൂർത്തീകരിക്കാൻ കഴിഞ്ഞിട്ടില്ല. ഇത് ഏകദേശം മൂന്ന് സ്കൂളുകളുള്ള ഒരു പ്രദേശമാണ്. കുറച്ചുഭാഗം കരാറുകാരൻ പണി ചെയ്തു. പിന്നെ ഇട്ടിട്ടു പോയി. ഇപ്പോൾ ശൂരനാട് തെക്ക് ഗ്രാമപഞ്ചായത്തും അവിടത്തെ ജനങ്ങളും പൈറക്കോടതിയിൽ പോയിരിക്കുകയാണ്. ഇതൊരു നിസ്സാര കാര്യമായി കാണാൻ കഴിയില്ല. നാലുവർഷം കഴിഞ്ഞ ഈ റോഡിന്റെ നിർമ്മാണ പ്രവൃത്തി പൂർത്തീകരിക്കാൻ കഴിയാത്തതിന്റെ ഉത്തരവാദിത്വം കരാറുകാരനിൽ നിക്ഷിപ്തമാണ്. ഞാൻ ഉദ്യോഗസ്ഥരെ കുറ്റം പറയുന്നില്ല. എക്സിക്യൂട്ടീവ് എഞ്ചിനീയർ അടക്കമുള്ള ഉദ്യോഗസ്ഥരും ഞാനും ആ സ്ഥലം സന്ദർശിച്ചതാണ്. പക്ഷേ ഇതുവരെ ഒരു പണിയും നടന്നിട്ടില്ല. കുട്ടികൾക്കുപോലും നടക്കാൻ പറ്റാത്ത സാഹചര്യം നിലനിൽക്കുന്നു. കേസ് കോടതിയിലുണ്ടെങ്കിലും ആ കേസ് നിലനിൽക്കെത്തന്നെ കുഴിയടയ്ക്കാനുള്ള സംവിധാനമെങ്കിലും പി.ഡബ്ല്യു.ഡി-ക്ക് ചെയ്യാമല്ലോ. അതുപോലും ചെയ്യുന്നില്ല. അതുകൊണ്ട് അങ്ങ് അടിയന്തരമായി ബന്ധപ്പെട്ട കരാറുകാരനേയും ഉദ്യോഗസ്ഥരേയും ജനപ്രതിനിധികളേയും വിളിച്ചുചേർത്ത് ഇതിന് ഒരു ശാശ്വത പരിഹാരം കാണണമെന്ന് അഭ്യർത്ഥിക്കുകയാണ്.

പൊതുമരാമത്ത് വകുപ്പുമന്ത്രി (ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്): സർ, ബഹുമാനപ്പെട്ട കോവൂർ കുഞ്ഞുമോൻ സബ്മിഷനിലൂടെ ഉന്നയിച്ച കാര്യം വളരെ പരമാർത്ഥമാണ്. 9.6 കിലോമീറ്റർ ദൈർഘ്യമുള്ള റോഡുപണി 2010-ൽ ഏൽപ്പിച്ചതാണ്. പക്ഷേ ഇപ്പോൾ അതിന്റെ ടാറിംഗ് പൂർത്തിയാക്കിയത് 8.1 കിലോമീറ്റർ മാത്രമാണ്. 1.5 കിലോമീറ്റർ മെറ്റലിംഗ് മാത്രമേ ചെയ്തിട്ടുള്ളൂ. അദ്ദേഹം പറഞ്ഞതുപോലെ, കരാറുകാരനോട് നിരന്തരം ഡിപ്പാർട്ടുമെന്റ്

LIBRARY ARCHIVES Kerala Legislative Assembly

ആവശ്യപ്പെട്ടിട്ടും ആ പ്രവൃത്തി അദ്ദേഹം രണ്ടാമത് ചെയ്തിട്ടില്ല. അദ്ദേഹത്തെ റിസ്ക് ആന്റ് കോസ്റ്റിൽ ഒഴിവാക്കിക്കൊണ്ട് പണി പെട്ടെന്ന് ചെയ്യാനുള്ള നടപടികൾ സ്വീകരിച്ചുവരികയാണ്. അതോടൊപ്പംതന്നെ അദ്ദേഹം സൂചിപ്പിച്ച റോഡ് traffic worthy ആക്കാനുള്ള നടപടിയും അടിയന്തരമായി സ്വീകരിക്കുന്നതാണ്.

18. മൂന്നാർ ബൈപ്പാസ്

<u>ശ്രീ. എസ്. രാജേന്ദ്രൻ</u>: സർ, എല്ലാ സ്ഥലങ്ങളിൽനിന്നുള്ള ആളുകളും വന്നുപോകുന്ന മൂന്നാർ ഒരു വിനോദസഞ്ചാര മേഖലയാണ്. മൂന്നാർ ബൈപ്പാസിന്റെ കാര്യം ബഡ്ജറ്റിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. കഴിഞ്ഞ അഞ്ചു വർഷക്കാലത്തിനുള്ളിൽ റീ-ടാറിംഗ് നടത്തേണ്ട റോഡുകൾപോലും നന്നാക്കിയിട്ടില്ല. ഡി.ഡി.സി.-യിൽപ്പോലും പല പ്രാവശ്യം വന്നിട്ടും അത് ഇതുവരെ നന്നാക്കിയിട്ടില്ല. ആ സാഹചര്യത്തിൽ വളരെയധികം യാത്രാക്ലേശമുള്ളതും വരുന്ന സഞ്ചാരികൾക്ക് അസ്വസ്ഥതയുണ്ടാക്കുന്നതും അസൗകര്യമുള്ളതുമാണ് മൂന്നാർ ടൗണിനകത്തുള്ള സിംഗിൾ റോഡ്. അത്തരത്തിൽ ഒരു ബൈപ്പാസ് റോഡ് ആവശ്യപ്പെടുകയും അത് ബഡ്ജറ്റിൽ സ്ഥാനം പിടിക്കുകയും ചെയ്തിട്ടുണ്ട്. അങ്ങേയ്ക്ക് ഇതെല്ലാം ബോധ്യമുള്ളതാണ്. അവിടെ സ്ഥലത്തിന്റെ യാതൊരു പ്രശ്നവുമില്ല. മൂന്നാറിൽ വരുന്നവർക്ക് സൗകര്യമുണ്ടാക്കിക്കൊടുക്കുക എന്നുള്ള ദൗത്യം നമുക്കുള്ളതുകൊണ്ട് അത് അനുഭാവപൂർവ്വം പരിഗണിക്കണമെന്നും ബൈപ്പാസ് റോഡ് നിർമ്മാണം പാലമടക്കം നടത്തണമെന്നുമാണ് എന്റെ അഭ്യർത്ഥന.

പൊതുമരാമത്ത് വകുപ്പുമന്ത്രി (<u>ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്</u>): സർ, ബഹുമാനപ്പെട്ട എസ്. രാജേന്ദ്രൻ എം.എൽ.എ. ഉന്നയിച്ചത് വളരെ പ്രധാനപ്പെട്ട കാര്യമാണ്. മൂന്നാർ ബൈപ്പാസിന്റെ പ്രൊപ്പോസൽ ഇതുവരെ നാഷണൽ ഹൈവേ അതോറിറ്റി അംഗീകരിച്ചിട്ടില്ല. പക്ഷേ ആ ബൈപ്പാസിന്റെ പ്രയോജനം കിട്ടുന്ന വിധത്തിലുള്ള ചില വികസന പ്രവർത്തനങ്ങൾ നടത്താൻ ഉദ്ദേശിക്കുകയാണ്. അതനുസരിച്ച് ഇപ്പോൾ അപ്രോച്ച് റോഡുകൾ വീതി കൂട്ടുന്നതിനുള്ള ജോലികൾ ഉൾപ്പെടുത്തിക്കൊണ്ട് എൻ.എച്ച്-49 ബോഡിമെട്ട് മുതൽ പെരിയകനാൽവരെ വികസിപ്പിക്കുന്നതിന് 95 കോടി രൂപയുടെ എസ്റ്റിമേറ്റ് 13-1-2014-ൽ കേന്ദ്ര സർക്കാരിന് സമർപ്പിച്ചിട്ടുണ്ട്. ടോൾ പ്ലാസയുടെ സ്ഥാനം അറിയിക്കാത്തതിനാൽ നമുക്ക് അതിന് അനുമതി ലഭിച്ചിട്ടില്ല. ഈ വർഷം ടോൾ പ്ലാസയുടെ സ്ഥാനം അറിയിച്ചുകൊണ്ടുള്ള എസ്റ്റിമേറ്റ് തയ്യാറാക്കി കേന്ദ്രത്തിന് സമർപ്പിക്കുന്നതാണ്. അതൊരു വ്യവസ്ഥയാണ്. ടോൾ പ്ലാസയുടെ സ്ഥാനം അറിയിച്ചാൽ മാത്രമേ തുക ലഭിക്കുകയുള്ളൂ. അതൊരു നല്ല പദ്ധതിയാണ്. അതോടൊപ്പംതന്നെ പുതിയ മൂന്നാർ പാലം, അപ്രോച്ച് റോഡ് തുടങ്ങിയവയും 90 കോടി രൂപയുടെ വികസനം പൂർത്തിയാകുന്നതോടുകൂടി ബൈപ്പാസിന് തുല്യമായ ഗതാഗതസൗകര്യം ലഭിക്കുന്നതാണ്. ബൈപ്പാസിനുള്ള ശ്രമം തുടരുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly